# സമനിലയുടെ സംഘഗീതം

ഇടശ്ശേരിയുടെ  പഴകിയ ചാലുകൾ മാറ്റുക  എന്ന കവിതയുടെ
എളിയ ഒരപഗ്രഥനം

പ്രൊഫ. കെ. പി. ശങ്കരൻ

സമനിലയുടെ സംഘഗീതം
ഇടശ്ശേരിയുടെ പഴകിയ ചാലുകൾ മാറ്റുക എന്ന കവിതയുടെ
എളിയ ഒരപഗ്രഥനം
പ്രൊഫ. കെ. പി. ശങ്കരൻ

ദ്വിലഗ്നത, ദ്വിധ്രുവത്വം എന്നെല്ലാമാവും അന്തസ്സേറിയ വാക്കുകൾ. എങ്കിലും അവയെ ഒഴിവാക്കുന്നു. ഇടശ്ശേരി സ്വതേ പ്രായേണ പാലിക്കുന്ന സുതാര്യതയ്ക്കു മീതേ അവ ആവരണം സൃഷ്ടിച്ചേയ്ക്കുമോ എന്നു പേടി! ഉദ്ദേശിക്കുന്നത് ഇത്രമാത്രം: വിരുദ്ധമായ ഇരുനിലകളോട് മനസ്സിന് ഏകകാലത്ത് അടുപ്പം തോന്നരുതേ? അരുത് എന്നാവാം ആദർശത്തിന്റെ ഹിതോപദേശം; പക്ഷേ അനുഭവത്തിന്റെ ഹൃദയസാക്ഷ്യമോ? അങ്ങനെ തോന്നാറുള്ളതായി ആ സാക്ഷ്യത്തിൽ അടയാളപ്പെട്ടുകിടക്കുന്നു എന്നതല്ലേ സാധാരണ മനുഷ്യന്റെ അവസ്ഥ? കവികൾ ഇതു സംബന്ധിച്ച് കണിശം ദീക്ഷിയ്ക്കണം എന്നൊരു കാഴ്ചപ്പാടുണ്ട്.  അരിവാളോ ചർക്കയോ?  എന്നത്രേ നമ്മുടെ വിമർശനം ഇതിനു നല്കിയ വാഗ്‌രൂപങ്ങളിൽ പ്രസിദ്ധമായ ഒന്ന്. വികൽപ്പം വർജിച്ച്, അരിവാളും വേണം ചർക്കയും വേണം എന്ന സമനില വരിക്കുന്നത് അനാശാസ്യമായി അതു വിധിക്കുന്നു. എതിരറ്റങ്ങളിലേയ്ക്ക് ഒരുപോലെ അടുത്തുകളയുന്ന മനസ്സിനെ, നിഷ്കൃഷ്ടമായ വീണ്ടുവിചാരത്തിലൂടെ, ഏതെങ്കിലും ഒന്നിലേയ്ക്കു പിടിച്ചൊതുക്കുക എന്നാവാം നിർദ്ദേശം. ഇതു സാമാന്യേന സാധ്യമാണോ? ആണെങ്കിൽപോലും, ഋഷികല്പമായ ഈ ഏകാഗ്രത കവിതയെ യഥാവിധി സർഗ്ഗാത്മകമാക്കുമോ? വീശുന്ന എല്ലാകാറ്റിനും ചായണം കവിത എന്നല്ല വിവക്ഷ. എന്നാലോ, നിവർന്നു നില്ക്കുന്നത് ഏതുകാറ്റിനേയും നേർക്കാനുള്ള സ്വത്വബലത്തിലൂടെയാവണം., അല്ലാതെ കണ്ണടച്ച് സ്വയം നിർമ്മിയ്ക്കുന്ന കൃത്രിമനിരോധത്തിലൂടെയാവരുത്. നമ്മുടെ നാട്ടിൽ കാറ്റുകൾ പല ദിശകളിലും വീശിയിരുന്ന ദശാസന്ധിയിൽ ജീവിക്കുക എന്നതത്രേ ഇടശ്ശേരിയ്ക്കു ലഭിച്ച നിയോഗം. പൊന്നാനിക്കാരനല്ലേ – കടപ്പുറത്തിനടുത്ത പ്രദേശത്തു കഴിഞ്ഞുപോന്ന തനിയ്ക്കുണ്ടോ കാറ്റുകളെ പേടി! ഏതുകാറ്റും എപ്പോഴെങ്കിലുമായി പരാഗണക്ഷമം തന്നെ എന്ന പ്രത്യാശയും താൻ പുലർത്തി. വിരുദ്ധനിലകളോട് ഏകകാലത്ത് ഇണക്കം എന്നത്, ഇത്തരമൊരവസ്ഥയ്ക്ക് കൂടുതൽ ഗാഢമായ സാംഗത്യമുണ്ടായിരുന്ന സ്വാതന്ത്ര്യാനന്തരഭാരതത്തിന്റെ ആദ്യത്തെ രണ്ടുമൂന്നു ദശകങ്ങളിൽ, എല്ലാ സാധകബാധകങ്ങളോടും ഇടപഴകി,  വിദഗ്ധനായിട്ടില്ല, പിന്നെയോ, വെറും സാമാന്യനായി ജീവിച്ച ഇടശ്ശേരിയുടെ കാര്യത്തിൽ സ്വാഭാവികമാണ്. ഈ സാമാന്യതയ്ക്കുപോലും സൈദ്ധാന്തികമായ അടിത്തറ ആവശ്യമുണ്ടോ? എങ്കിൽ  വിധിയെഴുതുമ്പോൾ  എന്നൊരു രചനയിൽ ഇടശ്ശേരി അതും ഒരുക്കിവെച്ചിട്ടുള്ളതു മനസ്സിരുത്താം:

‘തലനാർക്കോടിയുടെ  നൂറാലൊരു
കനമേലും വരകൊണ്ടല്ലോ
നലമോടതിരു വരച്ചതു ദൈവം
ശരിയും തെറ്റും തമ്മിൽ.’

ശരി/തെറ്റ് – ഇത് എല്ലാ ദ്വന്ദ്വങ്ങൾക്കും ജ്ഞാപകമായി എടുക്കാവുന്നതാണ്. ഇവയ്ക്കു നടുക്ക് അങ്ങോട്ടുമിങ്ങോട്ടും ആന്തുക എന്ന അനുഭവത്തെ താൻ സത്യസന്ധമായി പല കവിതകളിൽ അവതരിപ്പിച്ചിട്ടുണ്ടല്ലോ. വെറുതെയല്ല തന്റെ ചുരുക്കപ്പേർ ഇടശ്ശേരി എന്നായത്. അറ്റങ്ങളിലേയ്ക്കു വലിയുന്ന ആദർശവാദികളുടെ ഇടയ്ക്കാണല്ലോ സാധാരണ ആളുകൾക്കു സ്ഥാനം. താൻ അവരുടെ ഒപ്പം നില്ക്കുന്നു.

സ്ഥാനം ഇങ്ങനെ നിജപ്പെടുത്താൻ ഉപയുക്തമായി നിരവധി ജോഡികളുള്ളതിൽ ഒന്നായി എടുക്കാം  കുറ്റിപ്പുറം പാലം  /  പഴകിയ ചാലുകൾ മാറ്റുക  എന്നിവ. ഈ ജോഡിയിലെ ആദ്യത്തെ ഇനമായ കുറ്റിപ്പുറം പാലം 1954–ൽ എഴുതി. ഇടക്കാലത്തുവെച്ച് – ഏറക്കുറെ ഈയിടെ എന്നുതന്നെ പറയാം – ഇത് കൂടുതൽ പഠനങ്ങൾ ഏറ്റുവാങ്ങി. പുനർവായന എന്നൊരു വ്യവഹാരമുണ്ടല്ലോ. ആ പ്രക്രിയവഴി കവിത പുതിയ വിതാനങ്ങളിലേയ്ക്കു വികസിക്കുന്നതിന് ഇത്ര നല്ലൊരു മാതൃക മലയാളത്തിൽ വേറെ തൊട്ടുകാട്ടാനില്ല എന്നു

സമനിലയുടെ സംഘഗീതം
ഇടശ്ശേരിയുടെ പഴകിയ
ചാലുകൾ മാറ്റുക എന്ന
കവിതയുടെ
എളിയ ഒരപഗ്രഥനം
പ്രൊഫ. കെ. പി. ശങ്കരൻ

തോന്നുന്നു. പുനർവായനയിലൂടെ പുതിയ ഊന്നൽ ഏറെയും ഉരുത്തിരിഞ്ഞു വന്നത് 'കുറ്റിപ്പുറം പാല'ത്തിന്റെ ഉത്തരഭാഗത്തെ കേന്ദ്രീകരിച്ചുകൊണ്ടത്രെ. ഇതിൽ അത്ഭുതമില്ല: ആ കവിതയുടെ ബാഹ്യസംവിധാനം തന്നെ ഇങ്ങനെയൊരു ഭാവവ്യതിയാനത്തെ അടയാളപ്പെടുത്തുന്നു. ആദ്യത്തെ പത്ത് ഈരടി കഴിയുമ്പോൾ എങ്കിലും എന്നൊരു പദം കാണാം. ഇത് ഒരു ഉപരിവിചാരത്തിന്റെ സൂചകമായി പരിഗണിയ്ക്കാം. അപ്രകാരം ഉത്തരഭാഗം ഇവിടെ വെച്ച് ആരംഭിയ്ക്കുകയും ചെയ്യുന്നു. അതിലാവട്ടെ, പൂർവ്വഭാഗത്തെ അപേക്ഷിച്ച് ഇരട്ടിയിലേറെ ഈരടികൾ ഉൾപ്പെടുന്നു. നഷ്ടപ്പെട്ടതിനെച്ചൊല്ലിയുള്ള നിശ്വാസങ്ങൾ കവിതയിൽ തരളമായി ഇഴപാവുന്നതും ഇവിടെത്തന്നെ. എല്ലാമായാലും ശരി, ഏകമുഖമായ നിഗമനത്തിലേയ്ക്ക് എടുത്തുചാടണമെന്നില്ല. ഇല്ല എന്നതിനു തെളിവാണ് അഞ്ചുകൊല്ലത്തിനു പിറകെ 1959–ൽ ഇടശ്ശേരി എഴുതിയ 'പഴകിയ ചാലുകൾ മാറ്റുക' എന്ന ത്രസിയ്ക്കുന്ന രചന. ഇത് അർഹിയ്ക്കുന്നതോതിൽ ശ്രദ്ധിയ്ക്കപ്പെടാതെ പോയോ എന്നാകുന്നു, ഇടശ്ശേരിയെക്കുറിച്ച് നവീനമായ അവബോധം പ്രസരിയ്ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽപ്പോലും, എന്റെ പേടി. ഈ കവിതയെ, അതിനാൽ, സംക്ഷിപ്തമായെങ്കിലും, ഒന്നു പേർത്തുനോക്കാനത്രെ ഇവിടെ പുറപ്പെടുന്നത്.

ഇന്ന് സ്ഥിതി എന്തോ ആവട്ടെ, ഒരു കാലത്ത് കേരളത്തിന്റെ ആവേശവും അഭിമാനവുമായി രൂപം കൊണ്ട അണക്കെട്ടാണല്ലോ മലമ്പുഴ. ഇടശ്ശേരിയുടെ സർഗ്ഗപ്രതിഭയെ ഈ അണക്കെട്ട് സവിശേഷമായി ഉയർത്തുകയുണ്ടായി. പഴകിയ ചാലുകൾ മാറ്റുക എന്ന കവിതയ്ക്കു കൊടുത്ത കൊച്ചുകുറിപ്പ് ഈ സംഗതി രേഖപ്പെടുത്തിയിരിയ്ക്കുന്നു: 'വിപ്ലവം തല്ലും പിടിയുമല്ല, സൃഷ്ടിപരമായ മാർഗ്ഗങ്ങളിലൂടെ വരുത്തുന്ന പരിവർത്തനമാണെന്ന ബോധം കുതിച്ചൊഴുകി, മലമ്പുഴ കണ്ടപ്പോൾ. അതിനെ തുടർന്നെഴുതിയതാണ് ഈ കവിത'. ഇതിനിടെ, വേറൊരുവശംകൂടി വേണമെങ്കിൽ ശ്രദ്ധിക്കാവുന്നതാണ്. 1956–ലേതായി ഉണ്ട് ഒന്നാന്തരമൊരു കവിത – 'കാശാവുപൂത്തു' . ഭൗതിക പുരോഗതികൊണ്ടുമാത്രം സന്തർപ്പണം ചെയ്യാൻ വയ്യാത്ത ഏതോ ആത്മീയ ദാഹത്തിന്റ ആർദ്രത ചുരത്തുന്ന ഈ കവിതയിൽ, ആ പുരോഗതിയുടെ ചിഹ്നമായി അണക്കെട്ടുതന്നെ ആദ്യം പ്രത്യക്ഷപ്പെടുന്നു.

കുന്നിൻമോളിൽക്കടലല തല്ലും
കൂറ്റൻകൂറ്റനണക്കെട്ടു കെട്ടി,
പാഞ്ഞുപോകും പ്രവാഹങ്ങൾക്കെല്ലാം
പാലം തീർത്തൂ പഥികാനുകൂലം,
കാടുവെട്ടി ഞാൻ കേദാരം നീട്ടി,
നാടുംമാറ്റി നഗരവും കെട്ടീ;
ഭൂതകാലത്തെക്കൊന്നു ഞാൻ സർവ്വ-
ഭൂതങ്ങൾക്കും സമൃദ്ധി വിളമ്പീ;
എന്നിട്ടും കരൾ നൊന്തുവിളിപ്പ-
തേതമൃതലഹരിയ്ക്കു വേണ്ടീ?

അണക്കെട്ടുകൊണ്ടു തൃപ്തി ലഭിച്ചോളണമെന്നില്ല എന്ന ഈ തിരിച്ചറിവിന്നു മേലേ മൂന്നുകൊല്ലം അടർന്നുവീണു. എന്നിട്ടും ആ അമർച്ചയിൽ നിന്ന് കുതിച്ചുയർന്ന് ഒഴുകിപ്പരക്കുകയത്രെ 'പഴകിയ ചാലുകൾ മാറ്റുക' എന്ന കവിതയിൽ ഇടശ്ശേരിയുടെ ഉത്സാഹം. എന്താണ് ഇതിൽ നിന്ന് ഊഹിയ്ക്കേണ്ടത്? കാക്കയ്ക്ക് കണ്ണുരണ്ട് എന്ന് ആയിടെ തന്റെ തലമുറയിലെ മുന്തിയ ഒരു കവി കണ്ടെത്തുകയുണ്ടായി. 'നിൻമുടി പൂവിതു ചൂടിക്കണ്ടാൽ എൻ മിഴി രണ്ടിനു സാഫല്യം' എന്ന് 'പെണ്ണും പുലി' യുമെന്ന പ്രശസ്ത കവിതയിൽ വൈലോപ്പിള്ളി. പ്രകരണം കൊണ്ടു നോക്കുമ്പോൾ ഇവിടെ മിഴി രണ്ട് എന്ന് എടുത്തുപറഞ്ഞേതീരു എന്ന് തോന്നുന്നില്ല. അതു പറഞ്ഞിരിക്കുന്നു എന്നു മാത്രമല്ല, കവിത ആദ്യം മാതൃഭൂമി ആഴ്ചപതിപ്പിൽ അടിച്ചുവന്നപ്പോൾ വൈലോപ്പിള്ളി ഈ പ്രകരണത്തിൽ ഒരു കുറിപ്പുകൊടുക്കാനും മറന്നില്ല. കാക്കയ്ക്ക് കണ്ണ് ഒന്നേയുള്ളു എന്ന ജനവിശ്വാസം തെറ്റ് എന്ന അർത്ഥത്തിലായിരുന്നു കുറിപ്പ്. ജീവശാസ്ത്രാദ്ധ്യാപകൻ കൂടിയായ വൈലോപ്പിള്ളി, ആളുകൾക്കിടയിൽ വ്യാപകമായി പ്രചരിച്ചുപോയ ഒരു ധാരണ തിരുത്തുക തന്റെ ധർമ്മമാണ് എന്ന് ഉദ്ദേശിച്ചിരിയ്ക്കാം. എന്നാൽ അതിലും പ്രധാനം, കവിയ്ക്ക് കണ്ണു രണ്ടുവേണം എന്ന വീക്ഷണം ഉറപ്പിയ്ക്കുക – അതായി

സമനിലയുടെ സംഘഗീതം
ഇടശ്ശേരിയുടെ പഴകിയ
ചാലുകൾ മാറ്റുക എന്ന
കവിതയുടെ
എളിയ ഒരപഗ്രഥനം
പ്രൊഫ. കെ. പി. ശങ്കരൻ

രുന്നു എന്ന് അനുമാനിയ്ക്കാവുന്നതത്രേ. അതിനുമുമ്പ് കാന്തശക്തിയോടെ പരക്കെമയക്കിയ കാല്പനികതയ്ക്ക് കണ്ണ് ഒന്നേയുള്ളു എന്നതല്ലേ വാസ്തവം? ഇഷ്ടമാണെങ്കിൽ കടുത്ത ഇഷ്ടം; എതിർപ്പാണെങ്കിലോ, മുരത്ത എതിർപ്പും. കാല്പനികകവി ജീവിതത്തെ കണ്ടത് മിക്കവാറും ഒറ്റക്കണ്ണുകൊണ്ട് എന്നുകരുതുന്നതാവും വിഹിതം. അത് സാധാരണ കണ്ണല്ല, വിസ്മയങ്ങളിലേയ്ക്കു മിഴിയുന്ന മൂന്നാം തൃക്കണ്ണുതന്നെ – ആ അംശം വിഗണിയ്ക്കുന്നില്ല. അതിനെത്തുടർന്നു വികസിയ്ക്കാനിരുന്ന സമവീക്ഷണത്തിന്റെ ആവശ്യകതയിലാവാം വൈലോപ്പിള്ളി, കണ്ണു രണ്ട് എന്ന ഊന്നലിലൂടെ സ്പർശിച്ചത്. ഈ സംഗതിയിൽ വൈലോപ്പിള്ളിയേക്കാൾ നിഷ്കർഷ ഇടശ്ശേരി പാലിച്ചു. കുറ്റിപ്പുറം പാലം , കാശാവുപൂത്തു എന്നിവയ്ക്കു പിറകെ പഴകിയ ചാലുകൾ മാറ്റുക എന്ന കവിത രചിച്ചതു വഴി ഈ വസ്തുതയാവാം വെളിപ്പെടുന്നത്.

പരിവർത്തനത്തിന്റെ മഹാഗാഥ എന്നു വിശേഷിപ്പിക്കുന്നതാവും 'പഴകിയ ചാലുകൾ മാറ്റുക'യെ സംബന്ധിച്ചിടത്തോളം പാകം. സാഹചര്യങ്ങൾ പൊടുന്നനെ മാറിപ്പോയല്ലോ; അവയോടു പൊരുത്തപ്പെടാൻ താനും മാറുകതന്നെ വേണം എന്ന വ്യഗ്രതയത്രേ ഈ കവിതയുടെ വീര്യം. ഇത് ഇവിടത്തെ വൃത്തവിന്യാസത്തിൽപ്പോലും സ്പന്ദിയ്ക്കുന്നു. ബുഭുക്ഷുവാം ഉവർമണ്ണ് എന്ന പ്രയോഗം തുടക്കത്തിലേ തൊടുത്തിട്ടുള്ളത് ശ്രദ്ധേയമായിത്തോന്നുന്നു. മണ്ണിന്റെ ദാഹം തിരിച്ചറിയുന്നു എന്നതാണല്ലോ ഇടശ്ശേരിയുടെ പ്രത്യേകത. ഉപ്പുരസം കലർന്ന മണ്ണാണെന്നിരിയ്ക്കേ ദാഹത്തിന് ഊറ്റമേറും. ഈ ദാഹത്തിന് ഉപശാന്തിയായി ആവുന്നത്ര നീരു ചുരത്തിക്കൊടുക്കുക എന്നതാകുന്നു തന്റെ നിയോഗം. താൻ നിർധരിയ്ക്കുന്ന കാഴ്ചപ്പാടനുസരിച്ച് എല്ലാവരുടെ നിയോഗവും ഇതുതന്നെ. ക്ലേശിച്ച് കിണറ്റിൽ നിന്നു വെള്ളം തേവി ഇത്രകാലവും ഇതു നിറവേറ്റിപോന്നു. പഴയ എളിയ ജലസേചനത്തിന്റെ നാട്ടു വിദ്യയുമായി ഇണങ്ങുന്ന വാക്കാണ് തേക്കുതുലാം . പശ്ചാത്തലം അറിയാത്തവർക്ക് ഈ വാക്കു തെറ്റിദ്ധാരണവരുത്തിയേക്കാം. ഗ്രാമീണവും കാർഷികവുമായ ഇടശ്ശേരിയുടെ അവബോധത്തിൽ പക്ഷേ മറ്റൊരുവാക്ക് ഉദിക്കയില്ല എന്നത്രേ പരമാർത്ഥം. ഇതിനേക്കാൾ നർമ്മത്തിന്റെ ചമൽക്കാരം പ്രസരിയ്ക്കുന്നു കുനിഞ്ഞുനിന്നിട്ടേത്തമിടുക എന്ന പ്രയോഗത്തിൽ. ഏത്തം പൂട്ടി തേവുക എന്ന ഏർപ്പാടിൽ കുമ്പിടലും നിവരലും എപ്പോഴും ആവർത്തിയ്ക്കുന്നു. ഇതിൽനിന്നും വിടർത്തുന്നതാണ് ഏത്തമിടുക എന്ന കല്പന. താൻ പേടിച്ചുപോന്ന പ്രകൃതിശക്തികളെ പൂജിച്ചും വന്ദിച്ചും പ്രീണിപ്പിയ്ക്കുക മാത്രമായിരുന്നുവല്ലോ മനുഷ്യൻ പണ്ടു പതിവ്. ഇനി ചോടുമാറ്റാം, അവയെ ചൊല്പടിയ്ക്കു നിർത്താം എന്ന ആശ്വാസമോ അഭിമാനമോ ഏത്തമിടും പണി മറന്നുവല്ലോ നമ്മൾ എന്ന ഏറ്റുപറച്ചിലിൽ അലയടിയ്ക്കുന്നു.

അണക്കെട്ടിൽ ആകാശം മുട്ടെ തുളുമ്പുന്ന വെള്ളം കവിയിൽ ഉണർത്തുന്നത്, ശിവജടയിൽ പുറത്തേയ്ക്കു കുതിയ്ക്കാൻ തയ്യാറായി തിമിർക്കുന്ന ഗംഗയുടെ ഓർമ്മയാണ്. ഈ വെള്ളം തുറന്നുവിടാൻ, ഇതിന്റെ ഊക്കിനു നിരക്കുന്ന ചാലുകൾ വേണ്ടേ എന്ന് കവി തിടുക്കം കൊള്ളുന്നു. ഇതുതന്നെ സാഹചര്യ പരിണാമത്തോടു സമരസപ്പെടാനുള്ള വ്യഗ്രതയായി നേരത്തേ നിർധരിച്ചത്. ഇവിടെ വെള്ളത്തിനും ചാലുകൾക്കും വെറും വെള്ളം ചാലുകൾ എന്നതിനപ്പുറം വിപുലമായ അർത്ഥം വിവക്ഷിയ്ക്കുന്നുണ്ടാവും എന്നത് അനുക്തസിദ്ധം. കാലസമ്മർദ്ദം അതിനോടു നീതിപാലിയ്ക്കാൻ നാനാമേഖലകളിലും നാം സാക്ഷാൽക്കരിയ്ക്കേണ്ട നവീനസമ്പ്രദായങ്ങൾ – സ്വാഭാവികമായും അങ്ങോട്ടാണ് കവിതയുടെ അനന്തരഭാഗം നീളുന്നത്.

കണിശമായി ഖണ്ഡം തിരിച്ചുകാണുന്നില്ല; എന്നാലും ഏറക്കുറെ മൂന്നു ഖണ്ഡമായി വ്യവഹരിയ്ക്കുന്നതാവും ഇവിടത്തെ വിചാരധാരയെ പിൻതുടരാൻ പ്രയോജനപ്പെടുക എന്നു തോന്നുന്നു. കൂടുതൽ വെള്ളം കിട്ടിത്തുടങ്ങും എന്നായതോടെ വയലുകൾക്കും വളപ്പുകൾക്കും വരാവുന്ന പുതുചൈതന്യത്തെക്കുറിച്ച് കർഷകന്റെ കാഴ്ചപ്പാടിൽ കോളുകൊള്ളുന്ന പ്രഹർഷമാണ് ഒന്നാം ഖണ്ഡത്തിലെ പ്രതിപാദ്യം. ഒറ്റക്കണ്ടത്തിന്റെ ഇത്തിരിച്ചതുരത്തിൽ നിന്നു തിരിഞ്ഞിരുന്ന പഴയ നിസ്സഹായനല്ല ഇനിയുള്ള കർഷകൻ. ഇടവരമ്പുകൾ തകർന്നുപോയിരിക്കുന്നു. പുതിയ ഒരൈക്യബോധത്തോടെ മാനുഷികതയുടെ വിശാലതയിലേയ്ക്ക് അവൻ വികസിക്കുകയായി. (ആഗോളീകരണം

എന്ന പേരിൽ വ്യാപാരതാൽപര്യങ്ങളും അധിനിവേശതന്ത്രങ്ങളും ഇന്നു ചമയ്ക്കുന്ന വിഭ്രാന്തികളാവില്ല 'പ്രപഞ്ചമിന്നൊരു തറവാടായി' എന്ന പ്രഖ്യാപനത്തിലൂടെ ഇടശ്ശേരി വിവക്ഷിക്കുന്നത്. 'കൂട്ടുകൃഷി' എഴുതിയ ഒരാദർശവാദിയുടെ അഭിമതസ്വപ്നമത്രേ അതിൽ കൂമ്പിടുന്നത്.) അവന്റെ ഉത്സാഹം ഉഴവുകാളയെക്കൂടി ഉണർത്തുന്നു. കൃഷിവൃത്തിയിലൂടെ ഐശ്വര്യം നാട്ടിൽ കൊടിയുയർത്തിക്കോളും എന്ന് അവൻ ഉത്തേജിതനാവുന്നു. വളപ്പുകളാവട്ടെ, പുതിയൊരു പച്ചപ്പിനും ഫലസമൃദ്ധിയ്ക്കും ഇനി വരവേല്പ് ഒരുക്കിക്കോളും, ഈ ഹരിതസൗവർണസൗഭാഗ്യത്തിൽ പങ്കുചേരാനാവാത്ത വൃക്ഷങ്ങളെയൊന്നും ഇനി വെച്ചുപൊറുപ്പിക്കേണ്ടതില്ല എന്ന പക്ഷവും കവിയ്ക്കുണ്ട്. പുളിയൻമാവുകൾക്ക് മേലാൽ ഒറ്റ പ്രയോജനം - അലസൻമാരെച്ചുടുവാൻ വെണ്ണീറാവുക ; ചകിണിച്ചക്കകൾ കായ്ക്കും പ്ലാവുകൾക്കോ - വാതിൽപ്പലകകളാവുകയും! (1963ൽ രസിച്ചെഴുതിക്കൊടുത്ത ഒരു പരസ്യക്കവിതയായ 'പുളിമാവുവെട്ടി' യിലെ സ്വരഭേദം സൂക്ഷിക്കാവുന്നതത്രേ. തേൻപഴമമ്പിലൊരുക്കുക എന്നതിൽക്കവിഞ്ഞു, മാവ് മുതലായ ഫലവൃക്ഷങ്ങൾക്ക് ചില മനോഹാരിതകളുണ്ട് എന്ന് ഈ കവിത കണ്ടെത്തുന്നു. അഞ്ചുകാശിൻ കൈവല്യത്തിൽ ആർത്തി കയറിയ മനുഷ്യൻ അവയെ വെട്ടിമുടിയ്ക്കുമ്പോൾ ആകെപ്പാരിനെ വരളാനാക്കുന്നു, ആത്മസുഖത്തെ പാഴാക്കുന്നു. ഇത്തരം സ്വരഭേദം, ഇവിടെ തുടക്കത്തിൽ സൂചിപ്പിച്ചുവല്ലോ, ഇടശ്ശേരിയിൽ ഇരുനിലകൾ മേളിയ്ക്കുന്ന സംഗതി, അതിനു സാക്ഷ്യം സമർപ്പിയ്ക്കുന്നു.) മാവുകളായാലും പ്ലാവുകളായാലും ശേഷിക്കുന്നവ, തണൽവിരിതോറും തേൻപഴമമ്പിലൊരുക്കിഹിതമറിവാനായ് നില്ക്കണം. കവി വിസ്മയിക്കുന്നു: താദൃശരുണ്ടോ ബാന്ധവർ വേറെ? ( ഓണപ്പാട്ടുകാരിൽ , വിദൂരഭൂതകാലത്ത് ഇവിടെ പുലർന്നുപോന്നു എന്നു വിശ്വസിയ്ക്കപ്പെടുന്ന വ്യവസ്ഥ വൈലോപ്പിള്ളി വിസ്തരിക്കുന്നുണ്ടല്ലോ. അന്നത്തെ ഉത്തമപൂർണ്ണമനുഷ്യരുടെ മുമ്പിൽ അവനി പച്ച വിരിച്ച്, വിദഗ്ധകുലീനഗൃഹസ്ഥകണക്കേ, സമസ്തപദാർത്ഥമെടുത്തുവിലക്കുന്നതായി അവിടെ ഒരു സങ്കല്പം കാണാം. അതാണ് ഇടശ്ശേരിയുടെ ഈ ഈരടിയ്ക്ക് ഏതാണ്ടു സദൃശമായി പെട്ടെന്നു സ്മരണയിൽ വരുന്നത്.) ഇനിയത്തെ ഈരടികളാവട്ടെ, നേരിട്ടുദ്ധരിക്കതന്നെയാവും ഉചിതം - ഒരുതരത്തിലുള്ള പരാവർത്തനംകൊണ്ടും ചതവുണ്ടാക്കാതെ:

'വരണ്ടുവിണ്ടുകിട,ന്നൊരു പുതുമഴ പെയ്യുമ്പോഴെങ്ങാനും
ചുരുണ്ട് പച്ചിലമൂടിയിടയ്ക്കൊരു പൂവിരിയുന്നീമേട്ടിൽ
മൃദുപ്രസന്നം ശബളിതവർണം മുലപ്പടങ്ങൾവിരിച്ചേ-
തൃതുക്കൾ കാത്തുകിടപ്പീലപ്പോളാസ്വാദക്ഷമമായി?'

നമ്മുടെ പ്രകൃതി തളിർക്കുന്നതും തഴയ്ക്കുന്നതുമാണ് ഈ ഈരടികളിലെ പ്രത്യക്ഷവിഷയം. എന്നാൽ പദമേളനത്തിന്റെ മേൻമ പരോക്ഷമായി മറ്റു വിതാനങ്ങളെ ആശ്ലേഷിയ്ക്കുന്നത് അസുലഭമായ അനുഭൂതിയത്രേ.

കുതിച്ചെത്തുന്ന ഒഴുക്കിൽ മേട്ടിന്റെ ഹൃദയംതന്നെയാണല്ലോ അലിഞ്ഞുവരുന്നത്; അതിലൂടെ അണയുന്നതോ, പുതുപുതുചിന്തകളും. ചാലുകൾക്കു വലിപ്പം കൂട്ടണം, ചാലുകളുടെ വടിവുമാറ്റണം എന്നത്, അതിനാൽ, അസന്ദിഗ്ധം. ജീവിതപ്രവാഹത്തിന്റെ രീതി മാറി എന്നല്ല അർത്ഥം. അതു പഴയപോലെ വളഞ്ഞും പുളഞ്ഞുംതന്നെ. കലക്കം മാറി, പരപ്പ് ഏറി. ആ പാകത്തിലാക്കണം ചാലുകളും. അതായത്, നവീനമായ ഒരു സാമൂഹികബോധം നാം അനുശീലിയ്ക്കണം. ജീവിതത്തെ അവഗണിച്ച് സന്യാസത്തിൽ അഭയംതേടുക എന്നത് അന്തസ്സായി ഒരു കാലത്തു കരുതിയിരുന്നുവല്ലോ. ആ കാലം കഴിഞ്ഞു എന്ന നനുത്ത നർമ്മത്തോടെ കവി ഓർമ്മിപ്പിയ്ക്കുന്നു. ഉണ്ടീടാൻ ഫലമൂലമുണ്ട് ... എന്നിങ്ങനെ തപസ്സിന്റെ സൗകര്യവും സൗഭാഗ്യവും കീർത്തിയ്ക്കുന്ന ഒരു പഴയ പദ്യം പ്രസിദ്ധമാണല്ലോ. ആ കാലം കഴിഞ്ഞു. ഇന്ന് കാടും അതിലെ വിഭവങ്ങളും പരക്കേ പങ്കുവെയ്ക്കണം എന്നായിരിക്കുന്നു. പങ്കുവെപ്പിലൂടെ, പരസ്പരസഹകരണത്തിലൂടെ, വേണം ഇനി ജീവിതം വികസിയ്ക്കാൻ. സമൂഹം സർവാശ്ലേഷകമായ ഒരു ശക്തി എന്ന നിലനേടിയിരിക്കുന്നു. അതിനെ നിസ്സാരമാക്കാൻ ഇനി വ്യക്തിയ്ക്ക് ആവില്ലതന്നെ. ഈ ശക്തിയെ പഴയ ഗരുഡകഥയോട് സമീകരിയ്ക്കുന്നത് അന്വർത്ഥമത്രേ. പണ്ടു ഗരുഡനു ബ്രാഹ്മണരെ ദഹിച്ചില്ല എന്ന് പുരാവൃത്തം; എന്നാൽ വ്യക്തികളെ ഒന്നൊന്നായി കൊത്തിവിഴുങ്ങുന്ന സമൂഹം എന്ന ഇന്നത്തെ ഗരുഡന് ബ്രാഹ്മണനെയും ശങ്ക

സമനിലയുടെ സംഘഗീതം
ഇടശ്ശേരിയുടെ പഴകിയ
ചാലുകൾ മാറ്റുക എന്ന
കവിതയുടെ
എളിയ ഒരപഗ്രഥനം
പ്രൊഫ. കെ. പി. ശങ്കരൻ

യൊന്നുമില്ല. ബ്രാഹ്മണർക്കാണല്ലോ പുതിയ സമൂഹപരിണാമത്തിൽ അവിശ്വാസ്യമാം വിധം മേൽക്കീഴ്മറച്ചിൽ സംഭവിച്ചത്. അതിൽ സങ്കടപ്പെടാനില്ല; പഴയ ഗരുഡൻ അമൃതകുംഭം കൊണ്ടുവന്ന് അമ്മയുടെ ദാസ്യം അവസാനിപ്പിച്ചതു പോലെ, സംഘഹിതം അഥവാ സമുദായബലം ലോകത്തിനു നൂതനമായ ഒരു മോചനം നേടിത്തരാനിരിയ്ക്കുന്നു.

സംശയിക്കാനില്ല, ഇടശ്ശേരി എത്തിച്ചേരുന്നത് ജനാധിപത്യത്തിന്റെ സർഗ്ഗാത്മകതയിൽത്തന്നെ. പക്ഷേ ഒന്നു മറക്കരുത്: ഒരു വ്യവസ്ഥ എന്ന നിലയിൽ ഇത് വ്യക്തിയ്ക്കുമേൽ ഏല്പിയ്ക്കുന്ന മൗലികമായ ബാധ്യത താൻ മനസ്സിലാക്കാതിരുന്നില്ല. സ്വാതന്ത്ര്യമാണ് ഈ വ്യവസ്ഥയുടെ പ്രാണബലം; എന്നാലോ സർവ്വത്ര നിയന്ത്രണം നിഷ്കർഷിച്ചാലേ ഇതിനെ പരിരക്ഷിയ്ക്കാനാവൂ. സങ്കൽപ്പനത്തിൽത്തന്നെ അന്തർഭവിച്ച കൗതുകകരമായ ഈ വൈരുദ്ധ്യത്തിന്, ഒരു പക്ഷേ ഏതു സാമൂഹ്യശാസ്ത്രജ്ഞനും അസൂയ ഉളവാക്കുന്ന ലാഘവത്തോടെ, ഇടശ്ശേരി വാഗ്രൂപമരുളുന്നു:

'മാനവനേറെയുഗങ്ങൾ തിരഞ്ഞതിതൊന്നിനു വേണ്ടീട്ടത്രെ,
താനേ തന്നെക്കെട്ടും കയറി, ന്നസ്വാതന്ത്രവിരോധി!'

ഈ വാക്യത്തിന്റെ സമാപനം ആശ്ചര്യചിഹ്നത്തോടെയാണ്. ഇത്ര സാർത്ഥകമായ ആശ്ചര്യചിഹ്നം നമ്മുടെ കവിതയിൽ അധികമൊന്നും കണ്ടെന്നു വരില്ല. പുതിയ ഭൂമി, പുതിയ ആകാശം എന്ന ആശയം, അധീശത്വത്തിന്റെ ആർത്തി എന്ന നിലയ്ക്കല്ല, വികസനത്തിന്റെ അനിവാര്യത എന്ന നിലയ്ക്ക് ആയിടെ മനുഷ്യനെ ഉത്തേജിപ്പിക്കുകയായിരുന്നുവല്ലോ. അതിന്റെ ആവേശത്തിൽ മന്നു പൊതുസ്വത്താക്കിയ കൈയാൽ വിണ്ണിൻ വേലി പൊളിഞ്ഞ കാര്യം കവി ഇവിടെ എടുത്തു പറയുന്നു. നാളത്തെ മാളികകൾ വിണ്ണിൽ ഉയർത്താനാവും സമുദായത്തിന്റെ വ്യഗ്രത. സമുദായം ഇപ്രകാരം പുതിയ വ്യഗ്രതകൾക്കു വിധേയമാവുമ്പോൾ ആ വീചി വ്യക്തിയേയും ഉന്മേഷം കൊള്ളിക്കാതിരിക്കുമോ? ഈ ഉന്മേഷത്തിൽ നിന്ന് ഊർന്നു വീഴുന്നവയാണ് ഇനിയുള്ള രണ്ടീരടി. മകളെ വിവാഹം ചെയ്തുകൊടുക്കാൻ നല്ലൊരു ബന്ധുവീട് ഒത്തുകിട്ടണേ എന്നാവുമല്ലോ മാതാപിതാക്കളുടെ ഉൽക്കണ്ഠ. ആ വക ബന്ധങ്ങൾ ഇനി ഭൂമിയിൽ ഒതുക്കണമെന്നില്ല; ചൊവ്വ, വെള്ളി, ശനി, വ്യാഴം മുതലായ ഗ്രഹങ്ങളോളം അന്വേഷണം വ്യാപിപ്പിയ്ക്കാം എന്ന് ഇടശ്ശേരി ഉദ്ബോധിപ്പിയ്ക്കുന്നു. താനാണെങ്കിലോ, കൂടുതൽ ആഴത്തിൽ ചില വേരുകൾ അന്യഗ്രഹങ്ങളിൽ താഴ്ത്താനാണ് ആഗ്രഹിയ്ക്കുന്നത്. ആഗ്രഹമല്ല, അത് ഒരസ്വസ്ഥതതന്നെയായി മാറിയിരിയ്ക്കുന്നു. നർമ്മത്തിന്റെ ചിറകിൽ ഉല്ലാഘതയോടെ, സ്വച്ഛന്ദതയോടെ, പാറുന്ന പാകത്തിലുള്ള ആ ഈരടി ഉദ്ധരിക്കുന്നതാവും ഉചിതം:

'ബന്ധുരബന്ധുഗൃഹത്തെപ്പറ്റിച്ചിന്തിക്കുന്നതു നിർത്തൂ
ബന്ധുഗ്രഹം - കുജശുക്രശനൈശ്ചരദേവഗുരുക്കളിലേതോ?
ഹന്ത നമുക്കിതിലേതിലൊരെണ്ണക്കമ്പനി മുമ്പുതുടങ്ങാ,-
മെന്റെ മനസ്സിനു രാപ്പകലില്ലാസ്വൈര്യക്കേടിതു മാത്രം!'

ഗൃഹത്തിൽ നിന്ന് ഗ്രഹത്തിലേയ്ക്ക്, വെറും വീട്ടു ബന്ധത്തിൽ നിന്ന് വിപുലമായ വ്യാപാരസാധ്യതയിലേയ്ക്ക് - ആഗ്രഹത്തിന്റെ ഈ വികാസത്തെപ്പോലെത്തന്നെ നിർണായകമാകുന്നു, അതവതരിപ്പിയ്ക്കാൻ ശരിയ്ക്കും നിരക്കുന്ന ശൈലിയുടെ വിന്യാസവും.

ലോകഗതി ദൈവഹിതത്തിന്റെ കൈത്തോട്ടിലൂടെ എന്ന വീക്ഷണമായിരുന്നു കാലാകാലമായി നിലനിന്നത്. അല്ല, അത് ശാസ്ത്ര പുരോഗതിയുടെ വൻ നദിയിലൂടെയാണ് ഇനി. വീക്ഷണം ആ വടിവിൽ ഉടച്ചുവാർക്കേണ്ടിയിരിയ്ക്കുന്നു. ഇതാണ് പരിവർത്തനത്തിന്റെ സന്ദർഭത്തിൽ കവിയ്ക്ക് കലാകാരൻമാരെ ഉണർത്താനുള്ളത്. മനുഷ്യവിധി സ്വയം നിർമ്മിയ്ക്കാവുന്നതുകൂടിയാണ് എന്ന പുതിയ ഉത്തരവാദിത്വബോധം കലാകാരൻമാരിൽ പ്രസരിക്കേണ്ടിയിരിയ്ക്കുന്നു. ഇത് ഒരു വശം; കല കൂടുതൽ ലളിതവും വിപുലവുമാവുക, വ്യാമോഹങ്ങളുടെ പടം പൊഴിച്ച് സമൂഹത്തിന്റെ വ്യാപ്തിയോടു പൊരുത്തപ്പെടുക എന്നൊക്കെയുള്ള മറുവശവും മനസ്സിരുത്തണം. കലയുടെ ഇത്തരം ജനകീയപരിണാമത്തിൽ ചിലർക്കു പൊറുതികേടു തോന്നാം. കഥകളിയുടെ കാര്യമാണ് കവി ഉദാഹരിയ്ക്കുന്നത്. നാലഞ്ചാളുകളോടു ശിരശ്ചാലനമേറ്റ് ഊറ്റം കൊള്ളും ദൃശ്യം പാടത്തുള്ള പരപ്പാളുകളുടെ കൈയടി വാങ്ങാനായി കൂടക്കൂടെ തുനിയുക എന്നത് അവരുടെ കൺനനയ്ക്കുന്നുണ്ടാവാം: സാങ്കേ

സമനിലയുടെ സംഘഗീതം
ഇടശ്ശേരിയുടെ പഴകിയ
ചാലുകൾ മാറ്റുക എന്ന
കവിതയുടെ
എളിയ ഒരപഗ്രഥനം
പ്രൊഫ. കെ. പി. ശങ്കരൻ

തികസൗഭാഗ്യം നഷ്ടപ്പെടുകയല്ലേ? ... ശാസ്ത്രീയസംഗീതത്തെസ്സംബന്ധിച്ചാണെങ്കിലോ: കലയുടെ വീണക്കമ്പിയിൽനിന്നൊഴുകുന്ന നാദബ്രഹ്മം എന്നൊക്കെയല്ലേ വിദഗ്ധരുടെ ന്യൂനപക്ഷം അതിനെ വിശേഷിപ്പിച്ചിരുന്നത്! അതൊക്കെ വെറും മിഥ്യ. ( കഥയെന്നെൻമതം – കാര്യത്തിനു വിപരീതമായി കഥ എന്നു പയോഗിക്കാറില്ലേ, അയഥാർത്ഥം എന്ന വിവക്ഷയോടെ, ഇവിടത്തെ കഥ ആ അർത്ഥത്തിലാവും എടുക്കേണ്ടത്.) എന്തു വീണക്കമ്പി – അതിന്റെ മൃദുസ്പന്ദം മൈക്കിലൂടെ കനപ്പിച്ചെടുക്കുമ്പോൾ മാത്രമാണല്ലോ വിസ്തൃതമായ സദസ്സിനു പരക്കെ അഭിഗമ്യമാവുന്നത്. അതിനാൽ ഇടശ്ശേരിയ്ക്കു കൗതുകം ആ മൃദുലനാദത്തിൽ എന്നതിനേക്കാൾ അതിനെ മുഴുപ്പിയ്ക്കുന്ന മൈക്കിലാകുന്നു!

'ജനനിവഹത്തിനിടയ്ക്കെൻ കാതിനുകമ്പം ഘർഘരകണ്ഠേ,
ദിനമനു നമ്മെയുറക്കമിളപ്പിക്കുന്നൊരു മൈക്കേ, നീ താൻ!'

ഇവിടെയുമതെ, ശൈലിയുടെ സവിശേഷത ശ്രദ്ധിയ്ക്കാതെ വയ്യ. ജനനിവഹത്തിനിടയ്ക്ക് എന്ന് മാറിയസാഹചര്യത്തിൽ കവിയെ സ്ഥാനപ്പെടുത്തുന്നതുതന്നെ മൗലികം. അങ്ങനെ സ്ഥാനം നിജപ്പെടുന്നതോടെ ഘർഘരകണ്ഠത്വവും ഉറക്കമിളപ്പിക്കലുമൊക്കെ കവിതയുടെ പുതിയ ധർമ്മമാണെന്ന നിർധാരണം ഉദിക്കുകയും ചെയ്തോളും. ഉറക്കമിളപ്പിയ്ക്കുക എന്നതിലെ ഊന്നൽ അടുത്ത ഈരടിയിലേയ്ക്കും സംക്രമിക്കുന്നുണ്ട്. പ്രബുദ്ധരും സുസജ്ജരുമായ ജനതയ്ക്ക് ഇനി പഴയപാട്ടുകൾ പോരാ. പുതിയവയുടെ സാംഗത്യം പ്രകൃതി പഠിപ്പിച്ചു തരുന്നുണ്ടല്ലോ: മണവും നിറവും കെട്ട് പഴംപൂക്കൾ കൊഴിയുന്നതിനു പകരം പുതിയവ വിരിയുക എന്ന പ്രക്രിയയിലൂടെ. ഈ നിരന്തരമായ നവീകരണത്തിനു കവികളും സന്നദ്ധരാവണം. അതുമല്ല, മണവും നിറവും മാത്രംകൊണ്ടു തികയുന്നില്ലല്ലോ പൂക്കളുടെ സ്വത്വം. ഉള്ളിൽ തേൻ കിനിയാഞ്ഞാൽ പൂവു പൂവാകുവോ? ചണയുടെ ഉദാഹരണമാണ് ഇവിടെ ഇടശ്ശേരി ഓർക്കുന്നത്. ചണച്ചെടിയിൽ കുലകുലയായി പൂക്കൾ വിരിയുമത്രേ; കുതുകകരമായ വർണശബളത അവയിൽ കോരിപ്പകരുകയും ചെയ്തിരിയ്ക്കും. പക്ഷേ എന്തു ഫലം: ഒറ്റപ്പൂവിനും ഉള്ളിൽ തേനുണ്ടാവില്ലപോലും. കവികൾ ചണച്ചെടിയായാൽ നന്നോ എന്ന് ഇടശ്ശേരി. പുത്തൻ മധുവും തേടിയാവും കൊതിയൻ വണ്ടുകളുടെ വരവ്. അപ്പോൾ അവയെ തൃപ്തിപ്പെടുത്താൻ പറ്റണ്ടേ? (ചണച്ചെടിയുടെ ഈ ന്യൂനതയും അതിനാൽ ഈ പ്രകരണത്തിൽ ഒരു പ്രതിരൂപമാവാനുള്ള സാധ്യതയും മറ്റേതെങ്കിലും മലയാള കവിയുടെ മനസ്സിൽ പതിഞ്ഞിട്ടുള്ളതിനു സാക്ഷ്യം കണ്ടതായി തോന്നുന്നില്ല.) അതിനാൽ, പുതിയ കാലത്തിനു നിരക്കുന്ന പുതിയ സങ്കേതങ്ങളെ നേടാൻ കവികളോടു നടത്തുന്ന ആഹ്വാനത്തിനു പൊരുൾ നിഷ്കൃഷ്ടമാണ്: തൽക്കാലത്തെ പ്രലോഭനത്തിനു മാത്രം പ്രയോജനപ്പെട്ടാൽ പോരാ ആ സങ്കേതങ്ങൾ; പിൽക്കാലത്തേയ്ക്കു കിനിഞ്ഞിറങ്ങുന്ന പോഷകമായ മധുരം അവയിൽ തുളുമ്പുകയും വേണം.

ഈ പാകത്തിനു പരിണമിച്ചോളുക എന്നതാകുന്നു കവികളുടെ ബാധ്യത. അതിന് ആത്മബലം ആദ്യം അറിയണണം. അടിയേറ്റുകിടക്കുന്ന ഭാവനയ്ക്ക് അല്പം ദൂരമേ ഉയരാനൊക്കൂ; അപ്പോഴേയ്ക്കും ചിറകു തളർന്ന് താഴുക എന്നതാവും അതിന്റെ വിധി. പിന്നെ തല അഥവാ പൊക്കിയാൽപോലും, യഥാർത്ഥവാസനയുടെ കൂജനം പുറത്തു വരാതെ അമർന്നുകിടക്കുകയേ ഉള്ളൂ. ഏതു വേഗത്തേയും അതിശയിച്ചു പറന്നോളും എന്നാണല്ലോ ഭാവനയെക്കുറിച്ച് പുലരുന്ന വിശ്വാസം. ഇന്ന് സ്പുട്നിക്കുകൾക്കു മുമ്പിൽ ഈ അദ്ഭുതസിദ്ധിയ്ക്കു മുടന്തൽ ഏറ്റുപോയോ? ... പുതിയ ശാസ്ത്രവേഗങ്ങൾ മറ്റു സിദ്ധികളെ നിഷ്പ്രഭമാക്കുവാൻ പോന്നവതന്നെ. ഈ സംഗതി സമർത്ഥിയ്ക്കുന്നത് വീണ്ടുമതെ നർമ്മം കലർന്ന ഒരു സംവാദത്തിലൂടെയത്രേ. നാരദനും പർവതനും തമ്മിൽ ആകാശത്തു വെച്ചു നടക്കുന്നതാണ് സംവാദം. നാരദനു ശങ്ക: സ്വർഗംഗയുടെ കരയ്ക്കുകൂടി ഇതെന്താണ് ഈ ഉരുളുന്നത് – തന്റെ മന്ത്രജലക്കുളിർമൊന്തയാവുമോ? എങ്കിൽ പിടിയക്കണേ എന്നു പരിഭ്രമിയ്ക്കുന്ന നാരദനെ പർവതൻ ശാസിയ്ക്കുന്നു: വിഡഢിത്തം പറയേണ്ട; മനുഷ്യൻ സൂര്യനുപണിത വലംപിരി മോതിരമാണത്. അതിന്റെ ചലനം അഭംഗുരം തുടർന്നോട്ടെ.

ഇങ്ങനെ അതിമാനുഷശക്തികളെക്കൊണ്ട് മനുഷ്യവിജയത്തിന് അപദാനം പാടിക്കൊണ്ടാണ് പഴകിയ ചാലുകൾ മാറ്റുക സമാപിയ്ക്കുന്നത്. ഈ വിജയത്തിന്റെ മരീചികൾ വിവിധവർണം കലർന്നു പൊഴിയുന്നു. അവയിൽ കഴുകി

സമനിലയുടെ സംഘഗീതം
ഇടശ്ശേരിയുടെ പഴകിയ
ചാലുകൾ മാറ്റുക എന്ന
കവിതയുടെ
എളിയ ഒരപഗ്രഥനം
പ്രൊഫ. കെ. പി. ശങ്കരൻ

വിശുദ്ധി വരുത്തിയവയാകണം ഇനിമേൽ കലയുടെ പൂക്കൾ. അവ പുതിയൊരു രീതിയിൽ കൊരുക്കുകയും വേണം. ഇതുവരെയുള്ള ജനത ദരിദ്രരും ദീനരുമായിരുന്നു. പൊടിയിൽക്കുളിച്ച അവർ കിടപ്പു വൈക്കോൽ വിരികളിലായിരുന്നു. ഇപ്പോൾ അവ മാറ്റാറായി. ഇനി വരാൻ പോകുന്ന വിജിഗീഷുവായ ജനതയ്ക്ക് വീരാളിപ്പട്ടുതന്നെ വേണം വിരിയ്ക്കാൻ.

മലമ്പുഴയോ അത്തരം വൻകിട പദ്ധതികളോ നമ്മുടെ പ്രത്യാശകളെ മിക്കതും വഞ്ചിച്ച പശ്ചാത്തലത്തിൽ ഇന്ന് 'പഴകിയ ചാലുകൾ മാറ്റുക' പണ്ടത്തെ ഉത്സാഹം വായനക്കാരിൽ ഉണർത്തുന്നില്ല എന്നു വരാം. ഇതു പക്ഷേ കവിതയുടെ കുറവല്ല. ഏതു കവിതയും ഒരു സവിശേഷകാലബിന്ദുവിന്റെ സർഗാത്മകമായ വികാസം എന്ന നിലയ്ക്കു കാണുന്നതാവും വിഹിതം. ഇടശ്ശേരി നെഹ്രുയുഗത്തിന്റെ തുടുപ്പും ത്രസിപ്പും ഒട്ടേങ്കിലും പങ്കിട്ട വ്യക്തിയാണല്ലോ. ആ പ്രസരിപ്പിന്റെ പ്രവാഹമാണ് ഈ കവിത. എങ്കിൽ ഇത് കാലഹരണപ്പെട്ടുകഴിഞ്ഞുവോ എന്നതാവും അടുത്തപ്രശ്നം. ഇല്ല എന്നു ഞാൻ കരുതുന്നു. ഒരണക്കെട്ടിനെക്കുറിച്ചുള്ള വാഴ്ത്ത് എന്ന മാനത്തിൽ മാത്രം ഒതുങ്ങുകയില്ല ഇതിന്റെ വ്യാപ്തി എന്ന് നാം അപഗ്രഥനം വഴി അറിഞ്ഞതാണല്ലോ. പരിവർത്തനം എന്നത്, ഏത് പ്രാമാണിക കവിയുടേയും എന്നപോലെ, ഇടശ്ശേരിയുടെ കാതലായ പ്രമേയമാകുന്നു. പരിവർത്തനമാകട്ടെ, രീതിയിലും തോതിലും വ്യത്യാസമുണ്ടായാലും, മനുഷ്യസമൂഹത്തിന് നിത്യമായി നേരിടേണ്ട സമസ്യതന്നെ. അതിനോട് സമരസപ്പെടാൻ ഈ കവിത നമ്മെ സജ്ജരാക്കുന്നു.

സ്വന്തം പ്രമേയത്തിന്റെ സ്വഭാവം ശരിയ്ക്കും ഗ്രഹിച്ചിട്ടാവാം, മിക്കവാറും ഒരു സംഘഗാനത്തിന്റെ സ്വരഘടന ഇടശ്ശേരി ഇവിടെ സ്വീകരിച്ചിരിയ്ക്കുന്നു. വ്യക്തിപരമായ ഒരുത്സാഹപ്രകർഷത്തിന്റെ ഉൽപന്നമാണ് ഈ കവിത എന്ന് അദ്ദേഹത്തിന്റെ സാക്ഷ്യം കാണുന്നു. എന്നിട്ടും കർത്തൃസ്ഥാനത്തു ഞാൻ എങ്ങാനും ഒന്നോ രണ്ടും ഇടത്തല്ലാതെ കടന്നുവരുന്നില്ല എന്ന കാര്യം സൂക്ഷിക്കേണ്ടതുണ്ട്. നമ്മളാണ് , അതായത് മനുഷ്യ സമൂഹം ആകെയാണ്, ഇവിടെ സ്ഥാനത്ത്. അങ്ങനെ നാം നമുക്കുവേണ്ടിത്തന്നെ ആലപിയ്ക്കുന്ന ഒരു ഉണർത്തുപാട്ടായി ഈ കവിതയെ അറിയുന്നതാവും വിഹിതം. പിന്നെ ഇതിലെ സന്ദേശത്തിനു കേവലത്വമില്ല, ഇതരകവിതകളിലേതുമായി ഇടതട്ടിച്ചുവേണം അതു സംബന്ധച്ചു നിഗമനത്തിലെത്താൻ എന്നു വിസ്മരിക്കുകയും അരുത്. ●